
# Introduction to Theology

# ദൈവശാസ്ത്ര പ്രവേശിക



**Part I**

# ദൈവശാസ്ത്രം

## 1. എന്താണ് ദൈവശാസ്ത്രം ?

ദൈവത്തെയും ദൈവികരഹസ്യങ്ങളേയും അറിയുവാനുള്ള മനുഷ്യന്റെ തൃഷ്ണ......

**അന്വേഷണത്തിന്റെ കേന്ദ്രബിന്ദു**





# 2. ദൈവവിജ്ഞാനീയം: മൂലാർത്ഥങ്ങൾ



തിയോളജി (Theology) - ഉത്ഭവം ഗ്രീക്കു ഭാഷയിൽനിന്ന്

‘ദൈവം’ എന്നർത്ഥമുള്ള **തെയോസ്** (Theos),

‘വാക്ക്, പഠനം, അർത്ഥം, ശാസ്ത്രം’ എന്നിങ്ങനെ പല അർത്ഥങ്ങൾ നൽകുന്ന **ലോഗോസ്** (Logos)

“**തെയോളൊഗിയ**” - Theologia

**ക്രൈസ്തവ ലോകത്തേക്കു കടന്നുവന്നത് ഒരിജിൻ (Origen) വഴി**

**പീറ്റർ അബലാഡ്**

**തിയോളജി - Theology**

## 3. ദൈവശാസ്ത്രം: നിർവ്വചനവും വിശദീകരണവും

- വിശ്വാസത്താൽ സ്വീകരിച്ചതും, ഗ്രഹിച്ചതുമായ ദൈവാവിഷ്കാരത്തെക്കുറിച്ചുള്ള
- ബുദ്ധിപൂർവ്വകവും, ശാസ്ത്രീയവും, ക്രമാനുഗതവുമായ
- പരിചിന്തനവും, വിശകലനവും, വിശദീകരണവുമാണ് ദൈവശാസ്ത്രം.

വിശ്വാസത്തിന്റെ പ്രഘോഷണമാണ് ദൈവശാസ്ത്രത്തിന്റെ ലക്ഷ്യം.

## 4. ദൈവശാസ്ത്രം എപ്രകാരമുള്ളതായിരിക്കണം ?

a) വി. ഗ്രന്ഥാധിഷ്ഠിതം (Biblical)

b) ത്രിത്വാത്മകം (Trinitarian)

c) സഭാത്മകം (Ecclesial)

d) ആരാധനക്രമാധിഷ്ഠിതം (Liturgical)

e) പിതാക്കന്മാരുടെയും സാർവ്വത്രികസൂനഹദോസ്സുകളുടേയും പ്രബോധനങ്ങളിലധിഷ്ഠിതമാണ് (Magisterium)

f) എക്യുമെനിക്കൽ (Ecumenical)

# 5. ശാസ്ത്രീയമായ വിഭജനം

പ്രധാനമായും മൂന്നു പാരമ്പര്യങ്ങളുണ്ട് :

1) സുറിയാനി,
2) ലത്തീൻ,
3) ഗ്രീക്ക്.

## ദൈവശാസ്ത്രം

(1) ചരിത്രപരമായ ദൈവശാസ്ത്രം


(2) ക്രമീകൃത ദൈവശാസ്ത്രം

# ചരിത്രപരമായ ദൈവശാസ്ത്രം



1. വെളിപാടിന്റെ ചരിത്രം
2. രക്ഷാകരചരിത്രം
3. സഭയുടെ ആരംഭം
4. സഭാചരിത്രം
5. സഭാപിതാക്കന്മാർ
6. വി.ഗ്രന്ഥപഠനങ്ങൾ
7. ഡോഗ്മായുടെ ചരിത്രം
8. വിശുദ്ധന്മാരുടെ ചരിത്രം
9. രക്തസാക്ഷികളുടെ ചരിത്രം

# ക്രമീകൃത ദൈവശാസ്ത്രം



1. മൗലികദൈവശാസ്ത്രം
   (Fundamental Theology)
2. താത്ത്വിക ദൈവശാസ്ത്രം
   (Systematic or Dogmatic Theology)
3. ധാർമ്മിക ദൈവശാസ്ത്രം
   (Moral Theology)
4. പ്രായോഗിക ദൈവശാസ്ത്രം
   (Practical Theology)
5. അജപാലന ദൈവശാസ്ത്രം
   (Pastoral Theology)
6. അസറ്റിക്കൽ ദൈവശാസ്ത്രം
   (Ascetical & Monastic Theology)
7. ആരാധനക്രമ ദൈവശാസ്ത്രം
   (Liturgical Theology)

# 6. മൗലിക ദൈവശാസ്ത്രം (Fundamental Theology)

'ഫുന്തമെന്താലിസ്' (Fundamentalis) എന്ന ലത്തീൻ വാക്കിൽ നിന്നാണ് ഫണ്ടമെന്റൽ (Fundamental) എന്ന പദം ഉരുത്തിരിയുന്നത്.

ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളെപ്പറ്റിയാണ് ഇതിൽ പ്രതിപാദിക്കുക.

## a) മൗലിക ദൈവശാസ്ത്രത്തിന്റെ ഉള്ളടക്കം

PowerPlugs

പ്രധാനമായി മൂന്നു കാര്യങ്ങളാണ് ഉൾക്കൊള്ളുക:

1) വെളിപാട്,

2) വിശ്വാസം,

3) മനുഷ്യൻ.



# i) വെളിപാട് (Revelation)

## ചരിത്രത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം

**‘വിവിധ ലോകമതങ്ങളിലൂടെ ‘ദൈവം’ എപ്രകാരം സ്വയം വെളിപ്പെടുത്തുന്നു എന്നു പരിശോധിക്കുന്നതൊടൊപ്പം ക്രൈസ്തവമതവും അതിനാധാരമായ ദൈവികവെളിപാടുമാണ് ഈ ദൈവശാസ്ത്രശാഖയുടെ പ്രതിപാദ്യം’.**







# ii) വിശ്വാസം (Faith)



‘വിശ്വാസം, വെളിപാടിനുള്ള പ്രത്യുത്തരമാണ്. ഈശോയുടെ പീഡാസഹനത്തിലൂടെയും ഉത്ഥാനത്തിലൂടെയും സ്വയം വെളിപ്പെടുത്തിയ ദൈവത്തിലുള്ള വിശ്വാസമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈശോയും അവിടുത്തെ അത്ഭുതങ്ങളും, ഉത്ഥാനവും, അവിടുത്തെ തുടർച്ചയായ സഭയുമെല്ലാം ഇതിൽ ഉൾപ്പെടുന്നു’.

കത്തോലിക്കാ വിശ്വാസവും, ഇതര ക്രൈസ്തവ സഭകളും തമ്മിലുള്ള വ്യത്യാസം വിശ്വാസത്തിന്റെ ഏതേതു തലങ്ങളിലാണെന്ന് ഇവിടെ പ്രത്യേകം ചിന്തിക്കുന്നു.

# iii) മനുഷ്യനെപ്പറ്റിയുള്ള ദൈവശാസ്ത്ര സമീപനം (Theological Anthropology)

ദൈവം, മനുഷ്യനെയാണ് തന്നിലുള്ള വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നത്.

1. മനുഷ്യന്റെ ഉൽപത്തി, പരിണാമം,
2. മോണോജനിസം (ഏകദമ്പതികളിൽ നിന്ന് മനുഷ്യ കുലം മുഴുവൻ ആവിർഭവിച്ചു.) എന്ന സിദ്ധാന്തം,
3. ആദത്തിനു ശേഷമുള്ള വ്യക്തികളുടെ ആരംഭം

തുടങ്ങിയവയാണ് ഈ വിജ്ഞാന ശാഖയിലെ അടിസ്ഥാന ചിന്താവിഷയങ്ങൾ.

# 7. താത്ത്വിക ദൈവശാസ്ത്രം

## (Systematic or Dogmatic Theology)



ദൈവത്തെപ്പറ്റിയും, അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള സിദ്ധാന്തപര (theoreltical) മായ പഠനമാണ് ക്രമീകൃത ദൈവശാസ്ത്രം അഥവാ താത്ത്വികദൈവശാസ്ത്രം.



# താത്ത്വികദൈവശാസ്ത്രശാഖയിലെ ഉപശാഖകൾ

## i. പരി. ത്രിത്വം (Holy Trinity)

ത്രിയേക ദൈവശാസ്ത്രത്തെ താത്ത്വിക ദൈവ ശാസ്ത്രത്തിന്റെ സിരാകേന്ദ്രമെന്നും വിളിക്കാം.

ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടിയ ഒരു പൂർണ്ണകൂട്ടായ്മയാണ്. ഈ ബന്ധത്തിന് 'പെരി ക്കോറേസിസ്' (Perichoresis) എന്നു പറയുന്നു.



# ii) സൃഷ്ടി (Creation)

**സൃഷ്ടിയുടെ അർത്ഥമെന്ത് ?**

**ദൈവം എന്തുകൊണ്ടു ലോകത്തെ സൃഷ്ടിച്ചു ?**



സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധം



## iii) സഭാവിജ്ഞാനീയം (Ecclesiology)

സഭ എന്താണെന്നും, സഭയുടെ ആത്യന്തിക ലക്ഷ്യമെന്താണെന്നും ഇവിടെ പഠനവിഷയമാക്കുന്നു.

സഭ എന്നു പറഞ്ഞാൽ ദൈവജനം, മിശിഹായുടെ ഭൗതികശരീരം, പരി. റൂഹായുടെ ആലയം എന്നൊക്കെയാണർത്ഥം. അതേസമയം ഈ സഭ മിശിഹായുടെ കൂദാശയുമാണ്. സഭയുടെ വി. ഗ്രന്ഥാടിസ്ഥാനം, ദൈവശാസ്ത്രപരമായ അടിസ്ഥാനം എന്നീ കാര്യങ്ങൾ സഭയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു.





## iv) ക്രിസ്തുവിജ്ഞാനിയം (Christology)

എല്ലാ ദൈവശാസ്ത്രജ്ഞൻമാരും ഇന്നു ചരിത്രപുരുഷനായ ഈശോയ്ക്ക് **(Historical Jesus)** ഏറെ പ്രാധാന്യം കൊടുക്കുന്നു. യഹൂദനായി പിറന്ന, മനുഷ്യനായി ജീവിച്ച ഈശോയാണ് ഇവിടെ പ്രാധാനം.

ചരിത്രത്തിലൂടെയും, വി. ഗ്രന്ഥത്തിലൂടെയും ഡോഗ്മായിലൂടെയും വളർന്ന മിശിഹാവിജ്ഞാനീയം ഇന്ന് അനേകം തരത്തിലുള്ള ദൈവശാസ്ത്രവിചിന്തനങ്ങൾക്ക് വിഷയമായിത്തീർന്നിരിക്കുന്നു.

വിമോചനദൈവശാസ്ത്രം ഉൾപ്പെടെ ദൈവശാസ്ത്രത്തിൽ വന്നിട്ടുള്ള നൂതനചിന്താധാരകളെല്ലാം മിശിഹാവിജ്ഞാനീയത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഫലമാണ്.

## V) പരിശുദ്ധ റൂഹാവിജ്ഞാനീയം (Pneumatology)

**പരിശുദ്ധ റൂഹായെ വെറും ഒരു ശക്തിയായി കാണാതെ ദൈവത്തിലെ മൂന്നാമത്തെ വ്യക്തിയായി ഈ ശാസ്ത്രശാഖ കാണുന്നു.**





**ആധുനിക ദൈവശാസ്ത്രത്തിലെ Pneuma - Christ ഈ അരൂപി ദൈവശാസ്ത്രത്തിന്റെ വികാസഫലമാണ്.**


## vi) കൃപാവരം (Grace)

ഉത്ഥിതനായ മിശിഹായുടെ അരൂപിവഴിയുള്ള ക്രൈസ്തവനീതീകരണം ഇവിടെ പഠനവിഷയമാകുന്നു.

റൂഹായുടെ പ്രവർത്തനം വഴി ഒരു മനുഷ്യനിലുണ്ടാകുന്ന മാനസാന്തരം,

ഒരു ക്രൈസ്തവന്റെ അരൂപിയിലുള്ള ജീവിതം,

റൂഹായുടെ പ്രേരണകൾ ദൈവാരൂപിയോടുള്ള വിധേയത്വം തുടങ്ങിയവയൊക്കെ ഇവിടെ ചർച്ചാവിഷയങ്ങളാണ്.



# vii) കൂദാശകൾ (Sacraments)



കൂദാശകളുടെ വി. ഗ്രന്ഥാടിസ്ഥാനം,

കൂദാശകൾ ഈശോ നേരിട്ടു സ്ഥാപിച്ചവയാണോ?

ഏഴു കൂദാശകൾ എന്ന്, എങ്ങനെ ഉണ്ടായി?

തുടങ്ങിയ കാര്യങ്ങളെല്ലാം ഈ ദൈവശാസ്ത്ര ശാഖയിലെ അടിസ്ഥാനപരമായ പരിചിന്തനവിഷയങ്ങളാണ്.

എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ കൂദാശകളുടെ നേർക്കുള്ള സമീപനം ഏറ്റവും പ്രാധാന്യമർഹിക്കുന്നു.







## viii) മാലാഖമാരെയും പിശാചുക്കളെയും കുറിച്ചുള്ള വിജ്ഞാനീയം
## (Angelology and Devilology)





മദ്ധ്യകാലഘട്ടങ്ങളിൽ ഈ രണ്ടു ശാഖകൾക്കും ഏറെ പ്രാധാന്യം കൊടുത്തിരുന്നു.

എന്നാൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ പ്രാധാന്യം കുറഞ്ഞതോടുകൂടി ദൈവശാസ്ത്രത്തിൽ ഇവയുടെ പ്രാധാന്യവും കുറഞ്ഞു.

## ix) മരിയവിജ്ഞാനീയം (Mariology)



മാതാവ് എന്ന വ്യക്തി, ദൈവമാതൃത്വം എന്നിവയാണ്
യിലെ സുപ്രധാനമായ ചർച്ചാവിഷയങ്ങൾ. തെയോതോക്കോസ് (Theotokos) (ദൈവമാതാവ്), ക്രിസ്റ്റോതോക്കോസ് (Christokos)

തുടങ്ങിയ പദങ്ങളെപ്പറ്റിയുള്ള വാഗ്വാദങ്ങളും ഇവയെപ്പറ്റിയുള്ള സഭാപിതാക്കൻമാരുടെ നിലപാടുകളും പ്രാധാന്യമർഹിക്കുന്നു.

പ. മറിയത്തിന്റെ കന്യാത്വം, രക്ഷണീയകർമ്മത്തിലും സഭയിലും മറിയത്തിനുള്ള സ്ഥാനം തുടങ്ങിയവയെക്കുറിച്ച്

വി.ഗ്രന്ഥകാരന്മാരും, സഭാപിതാക്കൻമാരും, പരിശുദ്ധ മാർപാപ്പാമാരും, രണ്ടാം

വത്തിക്കാൻ സൂനഹദോസും എപ്രകാരം മനസ്സിലാക്കി.




# x) യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം
# (Eschatology)

ഡോഗ്മാറ്റിക് ദൈവശാസ്ത്രത്തിന്റെ മണ്ഡലത്തിൽ നിന്നു ചിന്തിക്കുമ്പോൾ

അന്ത്യനാളുകൾ, മരണം,
ഉയിർപ്പ്, വിധി, സ്വർഗ്ഗം,
നരകം, ശുദ്ധീകരണസ്ഥലം, പാതാളം

തുടങ്ങിയവയെപ്പറ്റിയുള്ള സഭയുടെ ഔദ്യോഗിക നിലപാടുകളാണ് ഇതിന്റെ പഠന വിഷയമായി വരിക.





**Part II**

# ക്രിസ്തീയ ദൈവശാസ്ത്രം: ചരിത്രത്തിലൂടെ

## a) സുവിശേഷകന്മാർ ദൈവശാസ്ത്രജ്ഞന്മാർ



ദൈവശാസ്ത്രം വിശ്വാസത്തിന്റെ ശാസ്ത്രമാണ്, വിശ്വാസത്തിന്റെ വ്യാഖ്യാനമാണ്. ഈ അർത്ഥത്തിൽ സുവിശേഷങ്ങളും ലേഖനങ്ങളും ദൈവശാസ്ത്രഗ്രന്ഥങ്ങളും, സുവിശേഷകന്മാരും വി. പൗലോസും ദൈവശാസ്ത്രജ്ഞന്മാരുമാണ്. മിശിഹാസംഭവത്തെ വ്യാഖ്യാനിച്ചവരാണ് അവരെല്ലാം.

**'നോർമെറ്റീവ് തിയോളജി' - പുതിയനിയമം**

# b) ആദിമസഭയുടെ കാലഘട്ടം








ദൈവാവിഷ്കാരത്തിന്റെ പരമകാഷ്ഠയായ മിശിഹാസംഭവത്തിനു സാക്ഷ്യം വഹിച്ചവരും അതിനോട് ഏറ്റം അടുത്തിടപഴകി മിശിഹായെ പ്രഘോഷിച്ചവരുമായ ശ്ലീഹന്മാരുടെ അനുഭവസാക്ഷ്യങ്ങളും സഭാകൂട്ടായ്മയുടെ ജീവിതാനുഭവങ്ങളും (Day of the Lord) ദൈവാവിഷ്കാരത്തിന്റെ മൂർത്തഭാവങ്ങളായി നിലകൊണ്ടത് ആദിമസഭയിലാണ്.

മൂന്നു വ്യക്തമായ ഘടകങ്ങൾ സുവിശേഷരചനയിൽത്തന്നെ കാണുന്നുണ്ട്.

**(a)** മിശിഹായുടെ തന്നെ വാക്കുകളും, പ്രവൃത്തികളും (ചരിത്രപുരുഷനായ മിശിഹായും, മിശിഹാ സംഭവങ്ങളും)

**(b)** ആദ്യകാലമിശിഹാനുയായികളുടെ -ശ്ലീഹന്മാർ, ശിഷ്യന്മാർ, ആദിമസഭാസമൂഹം - ഒറ്റവാക്കിൽ - ആദ്യക്രൈസ്തവ സഭ- മിശിഹാസംഭവങ്ങളെക്കുറിച്ചുള്ള ഗാഢമായ പരിചിന്തനം,

**(c)** സുവിശേഷകർത്താക്കളുടെ അനുഭവം, ചിന്താധാര, വിശദീകരണോപാധികൾ, ശൈലികൾ തുടങ്ങിയവ.



# c) സഭാപിതാക്കന്മാരുടെ കാലഘട്ടം



ശ്ലീഹന്മാരുടെ കാലത്തിനുശേഷം 8-ാം നൂറ്റാണ്ടുവരെ സത്യ പ്രബോധനം നടത്തുകയും, അതേക്കുറിച്ചു ഭാഷ്യങ്ങൾ രചിക്കുകയും ചെയ്തിട്ടുള്ളവരെ സംബന്ധിച്ചുള്ള പഠനത്തിനാണ് പൊതുവേ പട്രോളജി എന്നു പറയുക.

നിഷ്കൃഷ്ടാർത്ഥത്തിൽ പാശ്ചാത്യസഭയിൽ 7-ാം നൂറ്റാണ്ടുവരെയും - മഹാനായ ഗ്രിഗറി (604) അഥവാ സെവിലിലെ ഇസിദോർ (636) - പൗരസ്ത്യ സഭയിൽ 8-ാം നൂറ്റാണ്ടുവരെയുള്ള ( ഡമാസ്ക്കസിലെ യോഹന്നാൻ - 749 ) കാലഘട്ടത്തിൽ ജീവിച്ചിരുന്നവരുമായ ദൈവശാസ്ത്രജ്ഞന്മാരാണ് സഭാപിതാക്കന്മാർ.

വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരുലിഖിതങ്ങളിലും ശ്ലൈഹിക പ്രബോധനങ്ങളിലും അന്നുവരെയുള്ള സഭാപാരമ്പര്യത്തിലും ഉറച്ചു നിന്നു കൊണ്ട്

<u>ദൈവത്തിന്റെ ഏകത്വം, ത്രിത്വം, മിശിഹായിലൂടെയുള്ള മനുഷ്യരക്ഷ, പരിശുദ്ധ റൂഹായുടെ പ്രവർത്തനം, സഭയുടെ സ്വഭാവം,</u>

<u>പ. കന്യകയുടെ രക്ഷാചരിത്രത്തിലുള്ള സ്ഥാനം</u>

എന്നിങ്ങനെയുള്ള കാര്യമാത്ര പ്രസക്തമായ ദൈവശാസ്ത്ര വിഷയങ്ങൾ വികസിപ്പിക്കുവാനും വിശദീകരിക്കുവാനും അവർക്കു കഴിഞ്ഞു.






# e) ഒന്നും രണ്ടും നൂറ്റാണ്ടുകൾ

ക്രൂശിതനെപ്രതി ആയിരങ്ങൾ ചുടുനിണം വീഴ്ത്തിയപ്പോൾ ആ രക്തത്തിൽ പതിനായിരങ്ങൾ ജീവൻ പ്രാപിച്ചു

അന്നുവരെ പീഡകരായിരുന്നവർ അവിടുത്തെ വക്താക്കളായി. അങ്ങനെ റോമാ സാമ്രാജ്യം, മിശിഹായുടെ സാമ്രാജ്യമായി.

വി. ജസ്റ്റിൻ

രാഷ്ട്രീയതലത്തിലുണ്ടായ മാറ്റം ദൈവശാസ്ത്രവളർച്ചയെ സാരമായി സ്വാധീനിച്ചു.




ഗ്രീക്കുഭാഷയും തത്ത്വശാസ്ത്രവും, ചിന്താധാരയും ക്രൈസ്തവവിശ്വാസത്തെ സ്വാധീനിക്കുവാൻ തുടങ്ങി.


ഗ്രീക്കു തത്ത്വശാസ്ത്രവും, പദങ്ങളും, ചിന്താധാരയും ഉപയോഗിച്ചുകൊണ്ട് ദൈവശാസ്ത്രം ആവിഷ്ക്കരിക്കുവാനുള്ള പരിശ്രമത്തിൽ ഗണനീയമായ പങ്ക് വഹിച്ച വ്യക്തിയാണു രക്തസാക്ഷിയായ വി. ജസ്റ്റിൻ.

**<u>ദൈവശാസ്ത്രത്തിന്റെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന ലയൺസിലെ വി.ഇരണേവൂസിന്റെ സംഭാവന.</u>**



**ഇരണേവൂസ് വ്യക്തവും ശക്തവുമായ ബോദ്ധ്യത്തോടെ വിശ്വാസ സത്യങ്ങളെ ജ്ഞാനവാദം- (gnosticism)- എന്ന പാഷ ണ്ഡതയ്ക്കെതിരായി ഏറ്റുപറയുവാനും, പഠിപ്പിക്കുവാനും ഭഗീരഥ പ്രയത്നം തന്നെ നടത്തി.**






## f ) മൂന്നാം നൂറ്റാണ്ട്

മൂന്നാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റം പ്രഗത്ഭൻ, പണ്ഡിതനും വാഗ്മിയും താത്ത്വികനും ആയിരുന്ന **ഒരിജൻ (Origen)** ആണ്.

ഒരിജന്റെ ദൈവശാസ്ത്രം ദൈവം - ത്രിത്വം - എന്ന അടിസ്ഥാന തത്ത്വത്തിലധിഷ്ഠിതമാണ്. മൂന്നാളുകൾക്ക് വ്യക്തിത്വത്തിലാണ് വ്യത്യാസമെന്നും, ദൈവം ഒരുവനാണെന്നും അദ്ദേഹം പഠിപ്പിച്ചു.

# g) നാലാം നൂറ്റാണ്ട്

## ആദ്യത്തെ സൂനഹദോസ്സുകൾ


### നിഖ്യാ (325), കോൺസ്റ്റാന്റിനോപ്പിൾ (381)



ത്രിത്വസ്സംബന്ധമായും, മിശിഹാകേന്ദ്രീകൃതമായും ധാരാളം പഠനങ്ങളും ഭാഷ്യങ്ങളും... അക്കൂട്ടത്തിൽ തെറ്റായ പഠനങ്ങളും പൊന്തിവന്നു.

തെറ്റായവരെ തിരുത്തി ശരിയായതു ഉറപ്പിക്കുവാനുള്ള സഭയുടെ നീക്കമാണ് സൂനഹദോസ്സുകളിൽ സംഭവിച്ചത്.







ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളായി പരിഗണിക്കപ്പെടുന്ന

- **ത്രിത്വം,**
- **ദൈവത്വവും മനുഷ്യത്വവും ഒരേ വ്യക്തിയിൽ സംയോജിച്ചിരിക്കുന്ന മിശിഹാരഹസ്യം,**
- **പ. ആത്മാവിന്റെ ദൈവികത,**
- **പ. കന്യകയുടെ ദൈവമാതൃത്വം**

തുടങ്ങിയവ സൂനഹദോസ്സുകളിലൂടെ നിർവ്വചിക്കപ്പെട്ടു.

# 4-ാം നൂറ്റാണ്ടിലെ ഗ്രീക്കു പിതാക്കന്മാർ




വി. അത്തനേഷ്യസ്,

## കപ്പദോച്ചിയായിലെ പിതാക്കന്മാർ



നസ്യാൻസിലെ വി. ഗ്രിഗരി




നീസ്സായിലെ വി. ഗ്രിഗരി




മഹാനായ വി. ബേസിൽ

# സുറിയാനി മല്പാന്മാരായ അഫ്രാറ്റസും, എഫ്രേമും.

**മാർ അഫ്രാറ്റസ്**

**മാർ എഫ്രേം**







സുറിയാനി ഭാഷയിൽ രചിക്കപ്പെട്ട ഇവരുടെ കൃതികളിലെ വിവിധങ്ങളായ ദൈവവിജ്ഞാനീയ ചിന്താധാരകൾ, കത്തോലിക്കാസഭയുടെ ദൈവശാസ്ത്ര വളർച്ചയിൽ സുറിയാനിപാരമ്പര്യവും തനതായ സംഭാവന നല്കിയിട്ടുണ്ട്.

## h) അഞ്ചാം നൂറ്റാണ്ട്




എഫേസൂസ് (431), കാത്സിഡോൺ (451) കൗൺസിലുകൾ

എഫേസൂസ് കൗൺസിലിലൂടെ ശ്രദ്ധേയനായ വ്യക്തിയാണ് അലക്സാണ്ഡ്രിയായിലെ വി. സിറിൽ

മോണോഫിസിറ്റിസം (ഏകസ്വഭാവവാദം) എന്നറിയപ്പെടുന്ന പാഷണ്ഡതയെ ഖണ്ഡിച്ചുകൊണ്ട് നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്സുകളുടെ വിശ്വാസപ്രമാണങ്ങൾ 451-ൽ സമ്മേളിച്ച കാൽസിഡോൺ കൗൺസിൽ ഒന്നുകൂടി ആവർത്തിച്ചുറപ്പിച്ചു.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങ
ളായ

ദൈവത്തിന്റെ ഏകത്വം, ത്രിത്വം,
ദൈവപുത്രന്റെ മനുഷ്യാവതാരം,
ദൈവത്വവും മനുഷ്യത്വവും ഒന്നുചേരൽ,
പരിശുദ്ധ റുഹായുടെ ദൈവത്വം,
പ. കന്യകയുടെ ദൈവമാതൃത്വം ...

തുടങ്ങിയവ സംശയാതീതവും അനിഷേധ്യവുമായ വിധത്തിൽ നിർവ്വചിച്ച ഈ നാല് കൗൺസിലുകളും അവയുടെ വിശ്വാസപ്രമാണങ്ങളും ദൈവശാസ്ത്ര വളർച്ചയിലെ “നാഴികക്കല്ലു”കളാണ്.






അഞ്ചാം നൂറ്റാണ്ടിലെ പാശ്ചാത്യസഭാ പിതാക്കന്മാരുടെ ഗണത്തിൽ അഗ്രഗണ്യനാണ് ഹിപ്പോയിലെ മെത്രാനായിരുന്ന

വി. അഗസ്റ്റിൻ

‘ഏറ്റുപറച്ചിൽ’ (Confessions)

ആത്മകഥ




**‘കൃപാവരത്തിന്റെ വേദപാരംഗതൻ’ (Doctor of Grace)**

# i) ദൈവശാസ്ത്രം മദ്ധ്യശതകങ്ങളിൽ

മദ്ധ്യയുഗത്തിലെ പ്രഥമദശ <u>ട്രുള്ളോ സുനഹദോസു മുതൽ ഗ്രിഗറി ഏഴാമൻ മാർപ്പാപ്പാവരെ</u>യുള്ള കാലഘട്ടമാണ് <u>(692 - 1073).</u>

Alcuin എന്ന സന്ന്യാസിയുടെ നേതൃത്വത്തിലുള്ള വി. ഗ്രന്ഥത്തിന്റെയും പിതാക്കന്മാരുടെ കൃതികളുടെയും പഠനം




സന്ന്യാസാശ്രമ ജീവിതശൈലിയിലുള്ള ധ്യാനപരമായ പഠനം

ഒരു ദൈവശാസ്ത്രത്തിനു രൂപം കൊടുക്കുക എന്നതിനേക്കാൾ <u>ദൈവൈക്യം പ്രാപിക്കുക എന്ന ലക്ഷ്യം</u>

## 9-15 നൂറ്റാണ്ടുവരെ - "സ്കൊളാസ്റ്റിക് ദൈവശാസ്ത്രം"

**കാന്റർബറിയിലെ വി. ആൻസലം**




**സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ പിതാവ്**


വിശ്വാസവും മനുഷ്യയുക്തിയും തമ്മിൽ പൊരുത്തപ്പെടുത്തി ,

മതതത്വങ്ങളെ തത്വശാസ്ത്രത്തിലൂടെ അവതരിപ്പിച്ചു.

അതീന്ദ്രീയവും, അതിബൗദ്ധികവുമായ (metaphysical) കാഴ്ചപ്പാടിലൂടെ വി. ഗ്രന്ഥത്തേയും, വി. പാരമ്പര്യത്തേയും നോക്കിക്കാണുകയും വ്യാഖ്യാനിക്കുകയും ചെയ്തു.

# 12 -ാം നൂറ്റാണ്ട് :

അരിസ്റ്റോട്ടിലിന്റെ ഡയലെറ്റിക്സ് (Dialectics) - ദൈവശാസ്ത്രത്തിൽ ഏറെ സ്വാധീനം ചെലുത്താൻ തുടങ്ങി.



വാദവും, പ്രതിവാദവും അനുമാനവും, ഉപമാനവും മറ്റും കൂട്ടിച്ചേർത്ത് ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന വിധത്തിൽ വിശ്വാസസത്യങ്ങളെ ആവിഷ്ക്കരിക്കുവാനുള്ള പരിശ്രമം സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ ശൈലിയായിത്തീർന്നു.

സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ ഒരു പ്രധാന പടിയാണ് അരിസ്റ്റോട്ടിലിന്റെ കൃതികൾ ഗ്രീക്കിൽ നിന്നും, അറബിയിൽ നിന്നും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിത്.

13-ാം ശതാബ്ദത്തിൽ പുനരുജ്ജീവനം പ്രാപിച്ച അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തെ ദൈവശാസ്ത്ര മണ്ഡലത്തിലേയ്ക്കു പ്രവേശിപ്പിച്ച് അതിനെ പരിപോഷിപ്പിച്ചത് വി. ആൽബർട്ടാണ്.

**മഹാനായ വി. ആൽബർട്ട്**





<u>സ്കൊളാസ്റ്റിക് തിയോളജിയുടെ സ്ഥാപകൻ</u>

അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം ദൈവശാസ്ത്ര ചിന്താധാരയുടെ അടിസ്ഥാനമാക്കി രൂപപ്പെടുത്തി എടുത്തതിൽ പ്രമുഖർ മഹാനായ വി. ആൽബർട്ടും, വി. തോമസ് അക്വീനാസുമാണ്.

**വി. തോമസ് അക്വീനാസ്**





## സുമ്മാ തിയോളജിക്കെ

തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും സമഗ്രമായ സമന്വയം സാധിതമാക്കി.

**“മഹാസംയോജകൻ (great synthesizer)”**

**II-ാം വത്തിക്കാൻ കൗൺസിലിന്റെ സമയം വരെ സഭയുടെ ദൈവവിജ്ഞാനീയത്തിന്റെ മാനദണ്ഡമായി (Normative Theology) കരുതപ്പെട്ടിരുന്ന സ്കൊളാസ്റ്റിക് ദൈവശാസ്ത്രം സർവ്വപ്രധാനമായും അക്വിനാസിന്റേതായിരുന്നു.**




# വി. ബൊനവന്തുരാ

യുക്തിയും, വിശ്വാസവും സമന്വയിപ്പിക്കുമ്പോഴും വി. ഗ്രന്ഥത്തേയും, പാരമ്പര്യത്തേയും കണക്കിലെടുത്ത വി. ബൊനവന്തുരാ യുടെ ദൈവശാസ്ത്രം മിശിഹാ കേന്ദ്രിതമായി രുന്നു.



# 14, 15 നൂറ്റാണ്ടുകൾ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ തളർച്ചയുടെ കാലമാണ്.

## വില്യം ഓഫ് ഓക്കാം



വില്യമിന്റെ 'നോമിനലിസം' സിദ്ധാന്തമനുസരിച്ച് ബുദ്ധികൊണ്ട് ഉണ്മയെ (Being) അറിയുക സാദ്ധ്യമല്ല. ബുദ്ധിയുടെ ബന്ധത്തിൽ നിന്നു വിശ്വാസ തത്വങ്ങളെ മോചിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചു.

പരിണിത ഫലം

മതവും ബൗദ്ധികവിജ്ഞാനവും തമ്മിലൊരു വേർതിരിവിനു ഇടയായി. അതേതുടർന്നു വിശ്വാസം മാത്രം മതി എന്ന കാഴ്ചപ്പാട് ഉടലെടുത്തു.

# 16 - ാം നൂറ്റാണ്ട്

## മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിലുണ്ടായ നവീകരണപ്രസ്ഥാനം

(Reformation Movement)




ബുദ്ധിയിൽ കുടുങ്ങിപ്പോയ വിശ്വാസസത്യങ്ങളെ അതിൽ നിന്നു മോചിപ്പിച്ച് യഥാർത്ഥ ദൈവവചനമായ വി. ഗ്രന്ഥത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു ദൈവശാസ്ത്രത്തിനു രൂപം കൊടുക്കുവാൻ അദ്ദേഹം ശ്രമിച്ചു.

സ്കൊളാസ്റ്റിക് ചിന്താധാരയെ പരിത്യജിച്ചുകൊണ്ട് വ്യക്തിപരവും ആദ്ധ്യാത്മികവും, അസ്തിത്വപരവും, വി. ഗ്രന്ഥാധിഷ്ഠിതവുമായ ഒരു ദൈവശാസ്ത്ര ശൈലിക്ക് മാർട്ടിൻ ലൂതർ രൂപം കൊടുത്തു.

പ്രോട്ടസ്റ്റന്റിസത്തിന് അടിസ്ഥാനതത്വങ്ങൾ രൂപകല്പന ചെയ്തു നല്കിയ ജോൺ കാൽവിൻ നവീകരണകാലഘട്ടത്തിലെ പ്രശസ്തനായ ഒരു ദൈവശാസ്ത്രജ്ഞനാണ്.




ജോൺ കാൽവിൻ




അദ്ദേഹത്തിന്റെ "Institute" പാശ്ചാത്യ ദൈവശാസ്ത്ര പാരമ്പര്യത്തിലെ ഒരു ക്ലാസ്സിക് കൃതിയാണ്.

പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിനെ
തിരായ കത്തോലിക്കാസഭ
യുടെ നിലപാട് ട്രെന്റ് സൂന
ഹദോസിലൂടെ പ്രഖ്യാപിതമായി.
ലൂതറുടേയും കൂട്ടരുടേയും
വാദങ്ങളേയും, പഠനങ്ങളേയും
അവഗണിച്ചുകൊണ്ട്
സ്കൊളാസ്റ്റിക് ശൈലിയിൽ
കത്തോലിക്കാസഭ വിശ്വാസ
സത്യങ്ങളെ ഉറപ്പിച്ചു പറയു
കയും വിശദീകരിക്കുകയും
ചെയ്തു.




**Trent Council**

designer - www.basev.com.ua

# 18- ാം നൂറ്റാണ്ട്

## പ്രബുദ്ധത (enlightenment) യുടെ കാലഘട്ടം


ഈ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ പ്രൊട്ടസ്റ്റന്റുകാരുടെയിടയിൽ ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു പുനഃർവ്യാഖ്യാനം, പുനഃർവിചിന്തനം പ്രകടമായി. എന്നാൽ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർക്കു "കാലത്തിന്റെ ചുവരെഴുത്തു" വായിക്കാനോ അതനുസരിച്ചു പ്രതികരിക്കുവാനോ കഴിഞ്ഞില്ല..



# 19-ാം നൂറ്റാണ്ടിലെ നവീകരണ ശ്രമങ്ങൾ.

വി. ഗ്രന്ഥത്തിന്റെ ശാസ്ത്രീയാപഗ്രഥന മാർഗ്ഗങ്ങളിലൂടെ അതിന്റെ ചരിത്രപരവും, സാഹിത്യപരവും, വിമർശനാത്മക വുമായ പഠനങ്ങൾ നടന്നു.

ഷ്‌ലയിമാകർ ഇക്കാലഘട്ടത്തിലെ പ്രോട്ടസ്റ്റന്റു ദൈവശാസ്ത്ര ജ്ഞന്മാരിൽ പ്രമുഖൻ ആണ്. അദ്ദേഹത്തിന്റെ ആദ്യകാലകൃതി യായ Speeches on Religion പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രത്തിൽ ചെലുത്തിയ സ്വാധീനം അതുല്യമാണ്.



**വ്യക്തമായ രണ്ടു ദൈവശാസ്ത്ര ചിന്താധാരകളാണ് ഇക്കാലത്തു (19-ാംനൂറ്റാണ്ട്) സഭയിൽ പ്രകടമായത്.**

**(a)** *സഭയുടെ നിലവിലിരുന്ന ദൈവശാസ്ത്ര ചിന്താഗതിയെ അംഗീകരിക്കുകയും, ഉറപ്പിക്കുകയും, അതിനെ സാധൂകരിച്ചുകൊണ്ട് ഭാഷ്യങ്ങൾ രചിക്കുകയും ചെയ്ത ചിന്താഗതി.*

സഭയെ പരിപൂർണ്ണമായ ഒരു സമൂഹ (Perfect Society) മായി വീക്ഷിക്കുന്ന ഒരു നിലപാടായിരുന്നു അത്. അൾട്രാമൊണ്ടേനിസ്റ്റുകൾ എന്നറിയപ്പെട്ടിരുന്ന അവർ മാർപ്പാപ്പായുടെ പരമാധികാരത്തിന്റേയും, റോമൻ ആരാധനാക്രമപാരമ്പര്യത്തിന്റേയും വക്താക്കളായിരുന്നു.

*അൾട്രാ മൊണ്ടേനിസ്റ്റുകളിൽ പ്രമുഖർ* Cappellri, W.G.Ward, H.Manning *എന്നിവരാണ്.*

**(b)** യോഹന്നാസ് ആഡം മ്യേളർ (Johannes Adam Moehler) എന്ന ജർമ്മൻ ദൈവശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ നടന്ന നവീകരണ യത്നങ്ങൾ

വി. ഗ്രന്ഥത്തിന്റെയും, ആരാധനാക്രമ പാരമ്പര്യങ്ങളുടെയും, പിതാക്കന്മാരുടെ കൃതികളുടെയും ആഴത്തിലുള്ള പഠനങ്ങളിലൂടെ ആവിഷ്കൃത സത്യങ്ങളെ അതിന്റെ തനിമയിലും പരിശുദ്ധിയിലും കണ്ടെത്താൻ അദ്ദേഹത്തിനും അനുയായികൾക്കും കഴിഞ്ഞു.


ദൃശ്യമായ സംഘടനാസ്വഭാവമല്ല അദൃശ്യമായ ദൈവികസാന്നിദ്ധ്യമാണ് സഭാസമൂഹത്തെ സജീവവും ചലനാത്മകവുമാക്കുന്നതെന്നും അവർ വാദിച്ചു. അതിനാൽ സഭയുടെ ഐക്യത്തിനു നിദാനം പ. ത്രിത്വമാണ്, ദൈവത്തിന്റെ ആത്മാവാണ്.

ഈ നവീകരണപ്രസ്ഥാനത്തെ "ഉറവിടങ്ങളിലേയ്ക്കുള്ള നീക്കം" (Re-sourcement movement) എന്നാണ് പറയുന്നത്.

സഭയുടെ വി. ഗ്രന്ഥാധിഷ്ഠിതവും ചരിത്രപരവുമായ വശങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ദൈവശാസ്ത്ര വിപുലീകരണത്തിന് ഇംഗ്ലണ്ടിൽ നേതൃത്വം നല്കിയത് ഹെൻറി ന്യൂമാൻ (Henri Newmann) ആണ്.

ഹെൻറി ന്യൂമാൻ






19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രത്തിന് വീണ്ടും ഒരു ഉയിർത്തെഴുന്നേല്പുണ്ടായി. ഒന്നാം വത്തിക്കാൻ കൗൺസിൽ അതിന്റെ പരമകാഷ്ഠയായിരുന്നു.

# j) 20-ാം നൂറ്റാണ്ട് "സഭയുടെ നൂറ്റാണ്ട് "

വി. ഗ്രന്ഥം, പിതാക്കന്മാരുടെ കൃതികൾ, ആരാധനാപരവും ചരിത്രപരവുമായ ഗ്രന്ഥങ്ങൾ എന്നിവയുടെ പഠനങ്ങൾ സഭാതലത്തിലൊന്നാകെ ചലനമുളവാക്കി.




വി. ഗ്രന്ഥപഠനത്തെ പ്രോത്സാഹിപ്പിക്കുവാൻ
"Divino Affalnte Spiritu" (1943)




ബിബ്ലിക്കൽ കമ്മീഷൻ രൂപവത്ക്കരിക്കപ്പെട്ടു.

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള ഒരു കോൺഗ്രിഗേഷൻ (Congregation for the Oriental Churches) സ്ഥാപിക്കപ്പെട്ടു.

പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്രം, ചരിത്രം എന്നിവ പഠനവിധേയമായി.


എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് ഇവ വഴിതെളിച്ചു.



# 2-ാം വത്തിക്കാൻ കൗൺസിൽ (1962-65) - ‘2-ാം പന്തക്കുസ്താ’





നവീകരണയത്നം ഫലമണിഞ്ഞത് വത്തിക്കാൻ കൗൺസി (1962-65) ലിൽ ആണ്. ഈ മഹത്സംഭവം ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെയും സഭാശാസ്ത്രത്തിന്റെയും വളർച്ചയ്ക്കു മാത്രമല്ല, സഭ ഒന്നാകെയുള്ള അടിസ്ഥാനപരമായ മാറ്റങ്ങൾക്കും വേദിയായി.

# രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള കാലഘട്ടം




ദൈവശാസ്ത്രവളർച്ചയിലെ നവംനവങ്ങളായ കണ്ടെത്തലുകളുടെ ഒരു കാലമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള ഇക്കാലഘട്ടം.

രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ ആനുകാലികമായ പഠനം.

സഭൈക്യത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള പൊതുവായ ഉറവിടമന്വേഷിക്കൽ.

ആധുനികലോകത്തിന്റെ പ്രശ്നങ്ങളേയും ആവശ്യങ്ങളേയും കാലത്തിന്റെ ഇതര അടയാളങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ള സത്യവിശദീകരണങ്ങൾ.........................................................................

Part III

# 3

## ദൈവാവിഷ്കരണം വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും




1. പഴയനിയമം
2. പുതിയനിയമം
3. കാനോനിക ഗ്രന്ഥങ്ങൾ
4. ദൈവനിവേശിത ഗ്രന്ഥം
5. ബൈബിളും പാരമ്പര്യവും
6. വെളിപാടും പാരമ്പര്യവും
7. ബൈബിൾ വ്യാഖ്യാനം



# 4

# <u>ത്രിത്വൈക ദൈവശാസ്ത്രം</u>




1. പെരിക്കൊറേസിസ് <u>(Perichoresis)</u>
2. ഹോമോഊസിയ (Homoousia)
3. പ്രോസോപ്പോൻ (Prosopan),
4. ഹുപോസ്റ്റാസിസ് (hypostasis)




# 5
# സഭാവിജ്ഞാനീയം




1. പഴയനിയമത്തിൽ
2. സുവിശേഷങ്ങളിലെ സഭാ വിജ്ഞാനീയ ആശയങ്ങൾ
3. അപ്പസ്തോല പ്രവർത്തനങ്ങളിലെ സഭ
4. ലേഖനങ്ങളിൽ
5. വെളിപാടു പുസ്തകത്തിൽ
6. സഭകളുടെ ഉത്ഭവം
7. കത്തോലിക്കാസഭ: സഭകളുടെ കൂട്ടായ്മ
8. സഭകളുടെ തുല്യപദവി

സഭയെക്കുറിച്ചുള്ള പഠനമാണ് സഭാവിജ്ഞാനീയം.


# 6
# ആദ്ധ്യാത്മിക ജീവിതത്തിന്റെ ശക്തിസ്രോതസ്സ് - കൂദാശകൾ




1. കൂദാശകളുടെ സവിശേഷതകൾ
2. കൂദാശകളിൽ അടയാളങ്ങളും പ്രതീകങ്ങളുമുണ്ട്
3. കൂദാശകളും ഭക്താനുഷ്ഠാനങ്ങളും.
4. ഏഴു കൂദാശകൾ



# 7
# ക്രിസ്തീയ ധാർമ്മികത




I സ്വാതന്ത്ര്യം

1. ബുദ്ധി
2. മനസ്സിന്റെ പങ്ക്
3. മാനുഷിക പ്രവൃത്തി (Human Act)
4. യുക്തിയും വിവേചനവും

II ഇച്ഛാശക്തിയുടെ പ്രവർത്തനം

III മാനുഷിക പ്രവൃത്തികൾക്കുള്ള തടസ്സങ്ങൾ

IV ധാർമ്മികതയുടെ അന്ത:സത്ത



# 8
# ആരാധനക്രമങ്ങളുടെ രൂപീകരണം





1. സഭകളും, റീത്തുകളും

2. വിവിധ ആരാധനക്രമ കുടുംബങ്ങൾ

3. പാശ്ചാത്യ-പൗരസ്ത്യ സഭകളും ആരാധനാക്രമങ്ങളും

4. പൗരസ്ത്യസഭകളും പൗരസ്ത്യ-ആരാധനക്രമങ്ങളും





# 9
# സഭാചരിത്ര പഠനം



1. എന്താണ് സഭാചരിത്രം ?

2. സഭാചരിത്രം എന്തിനു പഠിക്കണം ?








# 10

# കാനൻ നിയമം

## പാശ്ചാത്യ (CIC), പൗരസ്ത്യ (CCEO) സഭകളുടെ കാനോൻ നിയമസംഹിതകൾ

1. വിവിധതരം നിയമങ്ങൾ
2. കാനൻ നിയമത്തിന്റെ ഉത്ഭവം
3. കാനൻ നിയമത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും
4. നിയമത്തിന്റെ ധർമ്മങ്ങൾ
5. കാനൻ നിയമചരിത്രം
6. ലത്തീൻ സഭയുടെ കാനൻ നിയമസംഹിത
7. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത



# 11

# യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം



1. മരണം
2. മരണാനന്തരജീവിതം
3. വ്യക്തിയുടെ അന്ത്യം
4. തനതുവിധി
5. സ്വർഗ്ഗം
6. നരകം
7. ശുദ്ധീകരണസ്ഥലം
8. കർത്താവിന്റെ ദിവസം
9. ലോകത്തിന്റെ രൂപാന്തരീകരണം
10. പൊതുവിധി
11. ജീവിത തികവ്



# Thank U